പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1489 | 03.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ നവീകരണം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.വി.ടി.ബൽറാം** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1 NABARD - RIDF<br>2 പ്ലാൻഫണ്ട്<br>3 MGNREGS (തൊഴിലുറപ്പ് പദ്ധതി)<br>4 എം.എൽ.എ ഫണ്ട്, എം.പി.ഫണ്ട്<br>5 മാതൃകാ അംഗൻവാടി നിർമ്മാണ പദ്ധതി (ഒരു നിയോജക മണ്ഡലത്തിൽ ഒന്നു വീതം)<br>6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് |
| (ബി) ഇത്തരം കെട്ടിട നിർമ്മാണത്തിന് അനുവർത്തിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) അംഗൻവാടി കെട്ടിട നിർമ്മാണത്തിന് അനുവർത്തിച്ചു വരുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1 അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം/ Community ലഭ്യമാക്കണം<br>2 NABARD – RIDF പദ്ധതി പ്ലാൻഫണ്ട്, MGNREGS എന്നീ പദ്ധതികൾക്ക് നിശ്ചിത അനുപാതം തുക തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കണം.<br>3 മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ബന്ധപ്പെട്ട എം.എൽ.എ 6.75 ലക്ഷം രൂപ വഹിക്കണം. നിർമ്മാണത്തിന് 10 സെന്റ് സ്ഥലം ലഭ്യമാക്കണം. |

| | |
|---|---|
| (സി) അംഗൻവാടികൾ കൂടുതൽ ശിശു സൗഹൃദമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) അംഗൻവാടികൾ ശിശു സൗഹൃദമാക്കുന്നതിന് ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു<br>1 അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം പരമ്പരാഗത രീതിയിൽ നിന്നു മാറ്റി കുട്ടികൾക്ക് ആകർഷകമാക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്യുക.<br>2 അംഗൻവാടി കെട്ടിടങ്ങളുടെ ചുമരുകൾ വിവിധ പെയിന്റിങ്ങുകളിലൂടെ ആകർഷകമാക്കുക<br>3 ശിശു സൗഹൃദ ടോയ് ലറ്റ് നിർമ്മിക്കുക<br>4 Indoor play materials, outdoor play materials എന്നിവ ലഭ്യമാക്കുക<br>5 പ്രീ സ്കൂൾ കരിക്കുലം കുട്ടികൾക്ക് ആകർഷകമാകുന്ന രീതിയിൽ പരിഷ്കരിക്കുക |

സെക്ഷൻ ഓഫീസർ